**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **03-03-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. നമ്പർ 1282/2024 അനുസരിച്ചുള്ള കേസ് എന്നാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത കേസിന് ആസ്പദമായ അപകടം എവിടെ വച്ച്, എന്നാണുണ്ടായതെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. നമ്പർ 1282/2024 പ്രകാരമുള്ള കേസ് 2024 സെപ്റ്റംബർ 12-നാണ് രജിസ്റ്റർ ചെയ്തത്. 2024 ഓഗസ്റ്റ് 24-ന് വെള്ളയമ്പലം-ശാസ്തമംഗലം റോഡിൽ നടന്ന അപകടമാണ് ഈ കേസിനാധാരമായത്. |
| (ബി) | പ്രസ്തുത അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വാഹനം കണ്ടെത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ; | (ബി) | കൃത്യ സ്ഥലത്തും സമീപ സ്ഥലങ്ങളിലെയും CCTV ദൃശ്യങ്ങൾ പരിശോധിച്ച് അന്വേഷണം നടത്തിയെങ്കിലും വാഹനത്തെ സംബന്ധിച്ച വിവരങ്ങൾ പോലീസിന് ലഭിച്ചിട്ടില്ല. നിലവിൽ കേസിൽ സാവകാശ അന്വേഷണത്തിനായി ബഹു. JFMC III കോടതിയിൽ "Undetected" റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | വാഹനം കണ്ടെത്താത്തത് മൂലം അപകടത്തിൽപ്പെട്ട വ്യക്തിക്ക് വളരെയധികം സാമ്പത്തിക ചെലവ് നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഗരത്തിനുള്ളിൽ നടന്ന ഈ അപകടത്തിന് കാരണമായ വാഹനം കണ്ടെത്തുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന് അറിയിക്കുമോ? | (സി) | കൃത്യസ്ഥലത്ത് നിന്നുള്ള സാക്ഷികളിൽ നിന്നോ CCTV ദൃശ്യങ്ങളിൽ നിന്നോ അപകടപ്പെട്ട വ്യക്തിയിൽ നിന്നോ അപകടമുണ്ടാക്കിയ വാഹനത്തെ സംബന്ധിച്ച് ഉപയോഗപ്രദമായ വിവരങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല.<br><br>സാമ്പത്തിക ബുദ്ധിമുട്ടുള്ള കാര്യം പോലീസിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ